# 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

**2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും**

951/2016.

## ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| 1. | ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | vii |
| 3. | വിയോജനക്കുറിപ്പ് | .. | ix |
| 4. | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. | 1 |

# സബ്ജക്ട് കമ്മിറ്റി II (2016-2018)

## ഭൂനികുതിയും ദേവസ്വവും

### ഘടന

ചെയർമാൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീ. എം. ഉമ്മർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

# 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കായി അയച്ച 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ (ബിൽ നമ്പർ 17), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ 2016 സെപ്റ്റംബർ 19-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2016 ഒക്ടോബർ 3-ാം തീയതി സഭാ സമ്മേളനത്തിനുശേഷം സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

(1) ഖണ്ഡം 3 ഒഴിവാക്കുക.

(2) നിലവിൽ 4 മുതൽ 6 വരെയുള്ള ഖണ്ഡങ്ങൾ യഥാക്രമം 3 മുതൽ 5 വരെയായി പുനരക്കം ചെയ്യുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇ. ചന്ദ്രശേഖരൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,

2016 ഒക്ടോബർ 3.

## വിയോജനക്കുറിപ്പ്

ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ സർക്കാർ നയപരമായ തീരുമാനം എടുത്ത സാഹചര്യത്തിൽ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിനും ചട്ടങ്ങൾക്കും പ്രസക്തിയില്ലായെന്ന് ദേവസ്വം വകുപ്പുമന്ത്രി കഴിഞ്ഞ സഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. അതേ ആക്റ്റിന് കാതലായ ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് ബിൽ അടുത്ത സഭാ സമ്മേളനത്തിൽ തന്നെ കൊണ്ടുവന്നത് സർക്കാരിന്റെ ഇരട്ടമുഖം തുറന്നു കാട്ടുകയാണ്. ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറഞ്ഞിരിക്കുന്നത് ബോർഡിലെ നിലവിലുള്ള അംഗസംഖ്യ ആറിൽ നിന്നും മൂന്നായി ചുരുക്കുന്നതിലൂടെ ചെലവ് ചുരുക്കൽ സാധ്യമാകുമെന്നാണ്. അത് മാത്രമാണ് ഉദ്ദേശമെങ്കിൽ അംഗസംഖ്യയും ക്വാറവും സംബന്ധിച്ച വകുപ്പുകളിൽ മാത്രം ഭേദഗതി മതിയാവും. നിലവിലുള്ള അംഗങ്ങളെ വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ നീക്കം ചെയ്യാനുള്ള വ്യക്തമായ വ്യവസ്ഥ ആക്റ്റിൽ നിലനിൽക്കേ അംഗങ്ങളെ നീക്കം ചെയ്യാൻ നീതിരഹിതമായ വ്യവസ്ഥ ഈ ബില്ലിൽ കൂട്ടിച്ചേർത്തിട്ടുള്ളത് അംഗീകരിക്കാവുന്നതല്ല.

സ്പെഷ്യൽ റൂളിന്റെ അഭാവത്തിൽ ദേവസ്വം ബോർഡുകളിലേക്കുള്ള നിയമനം വൈകുന്നതിന് ഒരു പരിഹാരമായിട്ടാണ് ഈ ബിൽ കൊണ്ടുവരുന്നത് എന്നാണ് ഉദ്ദേശ്യകാരണങ്ങളിൽ പറഞ്ഞിരിക്കുന്നത്. പി.എസ്.സി.യ്ക്കെന്നപോലെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനും സ്പെഷ്യൽ റൂൾ ഇല്ലാതെ നിയമനം നടത്താൻ കഴിയില്ലെന്ന ബാലപാഠം പോലും മനസ്സിലാക്കാതെയാണ് ധൃതിയിൽ ഈ ബിൽ കൊണ്ടു വന്നിരിക്കുന്നത്. മാത്രമല്ല ഇതൊരു താൽക്കാലിക സംവിധാനമാണെന്നുമാണ് മന്ത്രി മറുപടി പ്രസംഗത്തിൽ പറഞ്ഞത് (കൂടാതെ ബില്ലിന്റെ 6-ാം വ്യവസ്ഥ പ്രധാന ആക്റ്റിൽ ഏത് ഭാഗത്ത് ചേർക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല). പ്രധാന ആക്റ്റിലെ 5-ാം വ്യവസ്ഥയ്ക്ക് വിരുദ്ധമാണ് ഭേദഗതി ബില്ലിലെ 6-ാമത് വ്യവസ്ഥ. നിലവിൽ ഒരു റിക്രൂട്ട്മെന്റ് ബോർഡ് ഉള്ളപ്പോൾ കാലതാമസമുണ്ടാകാതിരിക്കണമെങ്കിൽ ആ ബോർഡിനെക്കൊണ്ട് തന്നെ റിക്രൂട്ട്മെന്റ് നടത്താൻ യാതൊരു തടസ്സവുമില്ലെന്നിരിക്കെ ഇത്തരത്തിൽ അപക്വവും വികലവുമായ ഒരു ബിൽ കൊണ്ടുവന്നത് നിലവിലെ ബോർഡിനെ പിരിച്ചുവിട്ട് അബ്കാരികളെ കൂടി ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിക്കാനുള്ള ഗൂഢ ഉദ്ദേശ്യത്തിലായതിനാൽ ഇതിനോട് ഞങ്ങൾ പൂർണ്ണമായും വിയോജിക്കുന്നു.

1. അടൂർ പ്രകാശ്, എം.എൽ.എ. (ഒപ്പ്)
2. എം. ഉമ്മർ, എം.എൽ.എ. (ഒപ്പ്)

# 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[നക്ഷത്രചിഹ്നം സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ച ഒഴിവാക്കലിനെയും അടിവരയിട്ടത് ഭേദഗതികളെയും സൂചിപ്പിക്കുന്നു.]

## 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിലെ (2015-ലെ 16) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹിന്ദുമതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്നവരുമായ ചെയർപേഴ്സണും രണ്ട് അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ജില്ലാ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ അല്ലെങ്കിൽ ജില്ലാ ജഡ്ജി ആയി നിയമിക്കപ്പെടാൻ യോഗ്യതയുള്ളതോ ആയ ഒരാളെ ചെയർപേഴ്സണായി നിയമിക്കേണ്ടതാണ്. അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെടുന്ന ആളുമായിരിക്കേണ്ടതാണ്. അംഗങ്ങൾ, തൊഴിൽസംബന്ധമായതോ സേവനപരമായതോ അല്ലെങ്കിൽ ഭരണപരമായതോ ആയ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിചയസമ്പന്നരായിരിക്കേണ്ടതാണ്."

[****]

3. 5-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(i) ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലം പൂർത്തിയാകുന്നതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്.".

4. 8-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിലെ (4)-ാം ഉപവകുപ്പിൽ 'നാല്' എന്ന വാക്കിനുപകരം 'രണ്ട്' എന്ന വാക്ക് ചേർക്കേണ്ടതാണ്.

5. ബോർഡിലെ നിലവിലുള്ള ചെയർപേഴ്സണെയും അംഗങ്ങളെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—പ്രധാന ആക്റ്റിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്റെ നിലവിലുള്ള ചെയർപേഴ്സണും അംഗങ്ങളും 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ അപ്രകാരമുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നതല്ലാതായി തീരുന്നതാണ്.

പി. ജയലക്ഷ്മി,
*സെക്രട്ടറി-ഇൻ-ചാർജ്.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2016 ഒക്ടോബർ 3.